**<u>പതിനാലാം കേരള നിയമസഭ</u>**

**<u>പത്തൊൻപതാം  സമ്മേളനം</u>**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2341** **12.03.2020-ൽ മറുപടിയ്ക്ക്**

## <u>ഗദ്ദിക ആമസോൺ ഓൺലൈൻ വെബ് പോർട്ടൽ</u>

| **ചോദ്യം** | | **മറുപടി** | |
|---|---|---|---|
| **ശ്രീ.റ്റി.വി.രാജേഷ്** | | **എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| എ) | ഗദ്ദിക ആമസോൺ ഓൺലൈൻ വെബ് പോർട്ടൽ മുഖേന ഓൺലൈൻ വിപണനത്തിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | എ)<br>&<br>ബി) | പട്ടികജാതി പട്ടികവർഗ്ഗ സംരംഭകരുടെ ഉൽപ്പന്നങ്ങൾക്ക് അന്തർദേശീയമായി മികച്ച വിപണി കണ്ടെത്തുന്നതിന് ആമസോൺ ഇ-കോമേഴ്സ് പ്ലാറ്റ്ഫോമിൽ ഗദ്ദിക എന്ന പോർട്ടൽ ആരംഭിച്ചിട്ടുണ്ട്. ആമസോൺ ഇ-കോമേഴ്സ് സൈറ്റിൽ ഗദ്ദിക എന്ന് സെർച്ച് ചെയ്താൽ പട്ടികജാതി പട്ടികവർഗ്ഗ സംരംഭകരുടെ തനതായ വിവിധ ഉൽപ്പന്നങ്ങൾ ലഭ്യമാണ്.<br><br>പട്ടികജാതി പട്ടികവർഗ്ഗ സംരംഭകരുടെ കരകൗശല, കൈത്തറി ഉൽപ്പന്നങ്ങൾ, മുള കൊണ്ട് നിർമ്മിതമായ ഉൽപ്പന്നങ്ങൾ, ഭക്ഷ്യവസ്തുക്കൾ തുടങ്ങി 235 തനതുൽപ്പന്നങ്ങൾ പ്രസ്തുത പോർട്ടലിൽ നിലവിൽ ലഭ്യമാണ്. ഡിസംബർ 2019-ൽ ആരംഭിച്ച പദ്ധതിയിൽ ഇതുവരെ 91,037/-രൂപയുടെ വിപണനം നടന്നിട്ടുണ്ട്. |
| ബി) | എത്ര ഉല്പന്നങ്ങൾ പ്രസ്തുത പോർട്ടലിൽ ലഭ്യമാണ്; വിശദമാക്കാമോ? | | |

**സെക്ഷൻ ഓഫീസർ**